## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4105 25.06.2014-ൽ മറുപടിക്ക്**

### ജലയാനം 2014 റോഡ് ഷോ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പാലോട് രവി | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുടെ ആഭിമുഖ്യത്തിൽ "ജലയാനം 2014 റോഡ് ഷോ" നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ; | എ | ഉണ്ട്. 2014 ഫെബ്രുവരി 18 മുതൽ 2014 മാർച്ച് 25 വരെ ജലനിധി രണ്ടാം ഘട്ടത്തിലെ ബാച്ച് 2 ഗ്രാമ പഞ്ചായത്തുകളും ബാച്ച് 1 ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത ചില ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടെ 70 ഗ്രാമ പഞ്ചായത്തുകളിലാണ് റോഡ് ഷോ സഞ്ചരിച്ചത്. |
| ബി | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം എന്ന് അറിയിക്കുമോ; | ബി | ജലനിധി പദ്ധതിയെക്കുറിച്ച് ജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിക്കുക, പദ്ധതി ഘടകങ്ങൾ, ആശയങ്ങൾ, നടത്തിപ്പും പരിപാലനത്തിന്റെയും രീതികൾ എന്നിങ്ങനെയുള്ള വിഷയങ്ങൾ ലഘുവായി ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ജലയാനം 2014 നടത്തിയത്. ഈ റോഡ് ഷോയിൽ കാക്കാരിശ്ശി നാടകം എന്ന നാടൻ കലാരൂപത്തിലൂടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയാണ് ചെയ്തത്. |
| സി | ജലസംരക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് ഇത് എത്രമാത്രം പ്രയോജനകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ; | സി | നിലവിലുള്ള ജലദൗർലഭ്യത്തെക്കുറിച്ചും, മലിനീകരണത്തെക്കുറിച്ചും, ജലം സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും, ശുചിത്വ - ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുമൊക്കെ ജലയാനത്തിലെ കലാരൂപത്തിൽ പ്രതിപാദിക്കുന്നു. ~~നടത്തിയ~~ സ്പോട്ട് സർ |

| | | | |
|---|---|---|---|
| | | | വ്വേയിൽ 98 ശതമാനം ആസ്വാദകരും, പരിപാടി വളരെ ഉപകാര പ്രദവും, വിജ്ഞാനദായകവുമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| ഡി | ആരെല്ലാമാണ് ഇതുമായി സഹകരിച്ചത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി | ജലനിധി ഉദ്യോഗസ്ഥരും, സഹകരിച്ച 70 ഗ്രാമ പഞ്ചായത്തുകളിലെ സപ്പോർട്ട് ടീം അംഗങ്ങളും, സഹായ സംഘടനാ ഉദ്യോഗസ്ഥരും, വിവിധ ജനപ്രതിനിധികളും, സാമൂഹ്യ പ്രവർത്തകരും പ്രാദേശിക മാധ്യമങ്ങളും പരിപാടിയുമായി സഹകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ